Mar Thoma Residential School, Tiruvalla
1st Terminal Examination - 2019

Std: XII

Time: 3 hrs
Marks: 80

# Malayalam

## Section A

### Question 1

താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും ഒരു വിഷയം തെരഞ്ഞെടുത്ത് ഉപന്യാസം തയ്യാറാക്കുക [20]

i) ജീവിക്കുക; ജീവിക്കാനനുവദിക്കുക - ഇവയാണ് പ്രകൃതി നൽകുന്ന പാഠങ്ങൾ.

ii) അദ്ധ്വാനവും ആത്മാർത്ഥതയുമായിരിക്കണം തൊഴിലിന്റെ മഹത്വം നിർണ്ണയിക്കുന്ന ഘടകങ്ങൾ.

iii) എന്റെ രാജ്യത്തെപ്പറ്റിയുള്ള പ്രതീക്ഷകളും - എന്റെ കടമകളും

iv) വാർത്താവിനിമയ മാദ്ധ്യമങ്ങൾക്ക് വിദ്യാഭ്യാസത്തിലുള്ള പങ്ക്.

v) മറക്കാനാവാത്ത ഒരു വ്യക്തി

vi) താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് ഒരു കഥയെഴുതുക.

a) പ്രതീക്ഷ    b) നഷ്ടസ്വപ്നം

### Question-2:-

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർവ്വം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഭൗതിക സുഖങ്ങൾ അനുഭവിച്ചതു-കൊണ്ടു മാത്രം പ്രാചീന ഭാരതീയർ തൃപ്തിപ്പെട്ടിരുന്നില്ല.

(മറുപുറം)

ജീവിതത്തെപ്പറ്റി പല ചോദ്യങ്ങൾക്കും ഉത്തരം കാണുവാനുള്ള വെമ്പൽ അവരെ അസ്വസ്ഥരാക്കി. വേദകാലത്തിന്റെ അവസാനത്തിലാണ് ഇന്ത്യാചരിത്രം അതിന്റെ ഏറ്റവും സൃഷ്ടിപരമായ ഘട്ടത്തിൽ പ്രവേശിക്കുന്നത്. ഈ കാലഘട്ടത്തിന്റെ സൃഷ്ടികളാണ് ഉപനിഷത്തുകൾ. അന്നത്തെ മനുഷ്യൻ മാനസികമായി അത്ഭുതകരമായ ഔന്നത്യം പ്രാപിച്ചിരുന്നവരാണ് ഉപനിഷത്തുകളിൽ നിന്നറിയാം. പ്രപഞ്ചത്തിന്റെ ബാഹ്യരൂപം മനസ്സിലാക്കുന്നതിന് നാം പഞ്ചേന്ദ്രിയങ്ങളെയാണല്ലോ ആശ്രയിക്കുന്നത്. എന്നാൽ ഇന്ദ്രിയങ്ങളെക്കൊണ്ടു മാത്രം അറിയേണ്ടതെല്ലാം അറിയുവാൻ കഴിയുന്നതല്ലെന്നു മനസ്സിലാക്കിയ നമ്മുടെ പൂർവ്വികർ സത്യാന്വേഷണത്തിനായി മറ്റു മാർഗ്ഗങ്ങളെ സ്വീകരിക്കുവാൻ നിർബന്ധിതരായി. ഊഹാപോഹങ്ങളെയും ധ്യാനത്തെയും ഗാഢമായ പര്യാലോചനയേയും അന്തർദൃഷ്ടിയേയും അവർ ആശ്രയിച്ചു. പ്രപഞ്ച രഹസ്യങ്ങളെ സംബന്ധിച്ചുള്ള അന്നത്തെ അന്വേഷണം ഏതാണ്ട് ആധുനിക കാലത്തെ വിജ്ഞാനാന്വേഷണം പോലെതന്നെ ധീരവും സാഹസികവുമായിരുന്നു. ഈ പ്രപഞ്ചത്തിന്റെ പിന്നിൽ സ്വയം വികസിക്കുന്ന ഒരു ശക്തിയുണ്ടെന്ന നിഗമനത്തിലാണ് അന്നത്തെ ചിന്തകൻമാരെപ്പോലെ നമ്മുടെ പൂർവ്വികരും എത്തിയത്.

കാര്യകാരണങ്ങൾ തമ്മിൽ വ്യത്യാസമില്ലെന്നും കാര്യം കാരണത്തിന്റെ മറ്റൊരു രൂപമാണെന്നും അവർ മനസ്സിലാക്കി. ബാഹ്യരൂപമായ കാര്യത്തിന്റെ സൂക്ഷ്മ രൂപമാണ് കാരണം. മനുഷ്യനടക്കം പ്രകൃതിയിലുള്ള എല്ലാം തന്നെയും ഈ കാര്യകാരണ ബന്ധത്തിന് വിധേയമാണ്. ഒന്നും അനിയന്ത്രിതമോ യാദൃശ്ചികമായോ സംഭവിക്കുന്നില്ല. ന്യായാധിഷ്ഠിതവും വസ്തുനിഷ്ഠവുമായ അന്വേഷണം കൊണ്ട്

(മറുപുറം)

സംഭവങ്ങൾക്കുള്ള കാരണങ്ങൾ അറിയുവാൻ മനുഷ്യന് സാധിക്കും. ഈ അറിവ് പ്രകൃതിയുടെ പ്രവർത്തനത്തെ നിയന്ത്രിക്കുവാനുള്ള കഴിവ് അവനു കൈവരുത്തുകയും ചെയ്യും. ഈ പ്രപഞ്ചം കാലക്രമേണ പരിണമിച്ചുണ്ടായതാണെന്ന അഭിപ്രായക്കാരായിരുന്ന ആര്യൻമാർ സത്യാവസ്ഥ കണ്ടുപിടിക്കാൻ അവർ തങ്ങളുടെ സകല കഴിവുകളും ഉപയോഗപ്പെടുത്തി. യുക്തിക്കു പറ്റാത്തതോ അനുഭവത്തിനു നിരക്കാത്തതോ ആയ വിശ്വാസങ്ങളെ ത്യജിക്കുവാൻ അവർ മടിച്ചില്ല. ഈ അന്വേഷണത്തിൽ താരതമ്യേന ചുരുക്കം ചിന്തകൻമാരേ പങ്കെടുത്തിരുന്നുള്ളൂ എന്നത് ശരിയാണ്. സത്യം അറിയുവാനുള്ള തീവ്രാന്വേഷണമാണ് അവർ നടത്തിയിരുന്നത്. ജനസമുദായത്തിന്റെ ക്ഷേമവും സൗഖ്യവും ലക്ഷ്യമാക്കിക്കൊണ്ട് അവരുടെ അന്വേഷണത്തിന്റെ ഫലം ആധുനിക ശാസ്ത്രജ്ഞൻമാരുടെ നേട്ടങ്ങളിൽ നിന്ന് മൗലികമായി വ്യത്യസ്തമല്ലെന്നു പറയുന്നതിൽ തെറ്റില്ല.

ചോദ്യങ്ങൾ:-

i) ഉപനിഷത്തുകൾ രചിക്കപ്പെട്ട കാലഘട്ടം ഏത്? അന്നത്തെ ഭാരതീയരുടെ മാനസികനിലവാരം ഏതു പ്രകാരം ഉള്ളതായിരുന്നു? [3]

ii) പ്രപഞ്ച രഹസ്യങ്ങളെ പറ്റിയുള്ള അക്കാലത്തെ അന്വേഷണത്തെയും ഇന്നത്തെ വിജ്ഞാനാന്വേഷണത്തെയും തമ്മിൽ താരതമ്യപ്പെടുത്തുക? [3]

iii) കാര്യകാരണ ബന്ധത്തെക്കുറിച്ചുള്ള ചിന്ത അന്നത്തെ ജനങ്ങളെ ഏത് നിഗമനത്തിൽ എത്തിച്ചു? അത് മനുഷ്യന് ഏതു വിധത്തിൽ പ്രയോജനപ്പെട്ടു? [3]

iv) അന്നത്തെ ചിന്തകൻമാരുടെ അന്വേഷണ ഫലങ്ങൾ ആധുനിക ശാസ്ത്രജ്ഞൻമാരുടെ നേട്ടങ്ങളിൽ നിന്ന് മൗലികമായി വ്യത്യസ്തമല്ലെന്നു പറയുന്നതിന് രണ്ട് കാരണങ്ങൾ എടുത്തു കാണിക്കുക? [3]

(മറുപുറം)

v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം എഴുതുക ? എന്തുകൊണ്ട് ഇങ്ങനെയൊരു ശീർഷകം തെരഞ്ഞെടുത്തു എന്നു വ്യക്തമാക്കുക?

Question 3 a. തിരുത്തിയെഴുതുക

1. വീണ്ടും ഒരിക്കൽക്കൂടി ആ സിനിമാകാണാനാണെന്നൊരു എനിക്ക് ആഗ്രഹമുണ്ട്.

2. ഒന്നാം പാഠം വായിക്കുന്നതിനും കേട്ടെഴുതുകയും ചെയ്യുന്നതിന് എന്നെ പഠിപ്പിച്ച അദ്ധ്യാപകനെ ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ട്.

b. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും മൂന്നെ വാക്യത്തിൽ പ്രയോഗിക്കുക.

1. ചുവന്നുകരിക്കുക. 2. വെള്ളത്തിൽ വരച്ചവര
3. ശ്ലോകത്തിൽ കഴിക്കുക 4. കലങ്ങിത്തെളിയുക.

## Section B

മൂന്നു പുസ്തകത്തിൽ നിന്നുമായി നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

Question 4 1. ഗദ്യകൈരളി

"ഞാൻ കള്ളം പറഞ്ഞില്ല്യ, ഞാൻ മൗന പറഞ്ഞതാണ്"

(i) സഹായിക്കാനുള്ള വ്യഗ്രതയോടെ ഉമക്കുട്ടി പറഞ്ഞ
(ii) ഹോംവർക്കു ചെയ്യാതിരിക്കാൻ ഉമ പറഞ്ഞ കാരണങ്ങളെന്തെല്ലാം?
(iii) "ലോകം കാട്ടുന്ന മലിനമായ അറിവുകളിൽ നിന്ന് അവളുടെ മനസ്സിനെ രക്ഷിക്കാൻ കഴിയാത്ത നിസ്സ യോടെ ഞാൻ കസേരയിൽ തളർന്നിരുന്നു"— സന്ദ
(iv) സിസ്റ്റർ ലൊറേറ്റ പറഞ്ഞതെന്തെല്ലാം?

**Question 5 :-**

ഒരാൾ ജന്മം കൊണ്ട് 'വിശ്വൻ കുണ്ടൂർ' പഠിച്ചെടുത്ത
തെന്തെല്ലാം? കൊമാല എന്ന കഥ വിവരിച്ച്
വ്യക്തമാക്കുക? [10]

**Question 6 :-**

" നാളെ സൗഭാഗ്യം എന്നൊന്നുണ്ടെങ്കിൽ
നിന്നെ ദില്ലിയിൽ കണ്ടു പോകരുത്" എന്ന് ജബ്ബാറി-
നോടു പറയാൻ ഗീവർഗീസച്ചനെ പ്രേരിപ്പിച്ചത്
തെന്തെല്ലാം? [10]

**Question 7 :-** 2. അസുരവിത്ത്

" പകലുകൾ ഗതികിട്ടാത്ത പ്രേതങ്ങളെപ്പോലെ
അവസാനമില്ലാതെ തന്റെ ചുറ്റും വട്ടം തിരിയുക-
യാണെന്നു തോന്നാറുണ്ട്.

(i) ഗോവിന്ദൻകുട്ടിയുടെ ഒരു ദിവസത്തെക്കുറിച്ചു
വിവരിക്കുക? [3]

(ii) കോലായിലെ തൂണിൽ ഉണങ്ങാതെ കിടക്കുന്ന-
മുറിവുകളുടെ ചരിത്രമെന്ത്? [3]

(iii) കടഞ്ഞു കടവിനെക്കുറിച്ചു വിവരിക്കുക? [2]

(iv) പുഞ്ഞാരി [illegible]ത്തെക്കുറിച്ച് ഗോവിന്ദൻകുട്ടിയുടെ
ഓർമ്മകൾ എന്തെല്ലാം? [2]

**Question 8**

പാത്ര ചിത്രീകരണത്തിൽ എം.ടി. ക്കുള്ള
സാമർത്ഥ്യം ശേഖരമേനോന്റെ അവതരണത്തിൽ
എത്രമാത്രം വ്യക്തമാകുന്നുവെന്നു പരിശോധിക്കുക? [10]

**Question 9 :-**

ഒന്നിനു പുറകെ ഒന്നായി ഗോവിന്ദൻകുട്ടിക്കുണ്ടായ
ദുരന്തങ്ങൾ എന്തെല്ലാം? ഒടുവിൽ എന്തു സംഭവിച്ചു? [10]

(മറുപുറം)

## 3. ആ മനുഷ്യൻ നീതന്നെ

**Question 10:**

"വേദനയോടെയാണെങ്കിലും ആ അധ്യായം...
ഇനി ലോകം നമുക്കു സ്വന്തമാണ്"

(i) അമാസ ദാവീദിനെ അറിയിച്ച പരാജയമെന്ത്?

(ii) ഊറിയാവിനെ കൊന്ന നഗരത്തെ ദാവീദ് ശിക്ഷിക്കുന്നതെങ്ങനെ?

(iii) ദാവീദിന്റെ നിർദ്ദേശം കേട്ട യോവാബിന്റെ പ്രതികരണം?

(iv) രബ്ബ പിടിച്ചടക്കാൻ ദാവീദ് രാജാവ് ആവിഷ്കരിച്ച യുദ്ധതന്ത്രമെന്ത്?

**Question 11:-**

"പ്രഭോ, നാം മണലാരണ്യത്തിനു മധ്യത്തിൽ ഏകാകികളല്ല എന്നു പറയാൻ ബെത്ശേബയെ പ്രേരിപ്പിച്ചതെന്ത്?

**Question 12:-**

'സ്ത്രീകളുടെ മനസ്സ് ചഞ്ചലമാണ്' ബെത്ശേബ എന്ന കഥാപാത്രത്തെ അടിസ്ഥാനമാക്കി സമർത്ഥിക്കുക?